**ജലാലാബാദിലെ ഇന്ത്യൻ കോൺസുലേറ്റിന് നേരെ ആക്രമണം**

**ഓഗസ്റ്റ് 03, 2013**

അഫ്ഗാനിസ്ഥാനിലെ ജലാലാബാദിൽ ഇന്ത്യൻ കോൺസുലേറ്റിന് നേരെ നടന്ന ആക്രമണത്തെ സംബന്ധിച്ച ഒരു ചോദ്യത്തിന് ഔദ്യോഗിക വക്താവിന്റെ മറുപടി :

"ഇന്ത്യൻ കോൺസുലേറ്റിന് നേരെ നടന്ന ചാവേർ ആക്രമണം ജാഗരൂകരായ നിരവധി അഫ്ഗാൻ പോലിസ്സ് ഉദ്യോഗസ്ഥരുടെയും നിഷ്കളങ്കരായ കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള അനേകം അഫ്ഗാനിസ്ഥാൻ പൌരന്മാരുടെയും മരണത്തിലേക്കും നയിച്ചു. ഈ ആക്രമണത്തെ ശക്തമായി പ്രതിഷേധിക്കുന്നു .

തീവ്രവാദവും അതിർത്തിക്കപ്പുറത്ത് നിന്നുമുള്ള തീവ്രവാദ ഭീഷണിയുമാണ് അഫ്ഗാനിസ്ഥാന്റെ സുരക്ഷക്കും സുസ്ഥിരതയ്ക്കും പ്രധാന ഭീഷണി എന്നു വീണ്ടും ഉറപ്പിക്കുകയാണ് ഈ ആക്രമണം .

അഫ്ഗാനിസ്ഥാന്റെ പുനർ നിർമ്മാണത്തിലും വികസന ശ്രമങ്ങളിലും സഹായിക്കുവാനുള്ള ഇന്ത്യയുടെ കടമയിൽ നിന്നും ഇന്ത്യ പിന്തിരിയില്ല, ഇത് ഇന്ത്യക്ക് എതിരെയുള്ള വെറും ആക്രമണം അല്ല മറിച്ച് അനേകം ദശകങ്ങൾ കൊണ്ടുള്ള യുദ്ധങ്ങൾ കാരണമുണ്ടായ ദുരിതപൂർണമായ ജീവിതത്തിൽ നിന്നും കരകയറാനുള്ള അഫ്ഗാനിസ്ഥാൻ ജനങ്ങളുടെ ശ്രമങ്ങൾക്കെതിരെയുള്ള ആക്രമണം ആണ് .

ഇന്ത്യൻ കോൺസുലേറ്റിനെ സംരക്ഷിക്കുവാനുള്ള ശ്രമത്തിനിടയിൽ ജീവൻ നല്കിയ അഫ്ഗാനിസ്ഥാൻ സുരക്ഷാ ഉദ്യോഗസ്ഥരോടുള്ള ഉപകാരസ്മരണ പ്രകടിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ അക്രമണത്തെ തുടർന്നു ജീവൻ നഷ്ടമായ അഫ്ഗാനിസ്ഥാനിലെ നിഷ്കളങ്കരായ ജനങ്ങളുടെ കുടുംബത്തോടുള്ള ദുഖവും അനുശോചനവും അറിയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു .

**ന്യൂഡെൽഹി**

**ഓഗസ്റ്റ് 3, 2013**